**ക്രമപ്രശ്നം**

<u>രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം</u>

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ, അങ്ങയുടെ ക്രമപ്രശ്നം അങ്ങ് ഉന്നയിച്ചുകഴിഞ്ഞതല്ലേ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, പുതിയ വിഷയമാണ്. ക്രമപശ്നം എന്നുള്ളത് അസുഖകരമായ ഓർമ്മപ്പെടുത്തലുകളാണ്. മുമ്പ് അവതരിപ്പിച്ചതാണ് എങ്കിലും ഇപ്പോൾ അവതരിപ്പിക്കുകയല്ല, തെറ്റുകൾ കാണുമ്പോൾ ചൂണ്ടിക്കാണിക്കുക എന്നുള്ള പ്രവണത .....

<u>മി. സ്പീക്കർ</u>: അങ്ങ് നേരത്തേ ഉന്നയിച്ചതിന്റെ റൂളിംഗ് പെൻഡിംഗിലാണ്. ആ ഓർമ്മയിലാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അന്ന് പറയേണ്ടതായിരുന്നു. അതിന്റെ റൂളിംഗ് പെൻഡിംഗാണ്. ഇത് പുതിയതാണ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236 (5) പ്രകാരം സബ്ജക്റ്റ് കമ്മിറ്റികളുടെ ധനാഭ്യർത്ഥനയുടെ പരിശോധനയെ സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്റ്റ് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻ

ആ സാമ്പത്തിക വർഷം കഴിഞ്ഞ ഉടനെയോ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ് എന്നുള്ളത് നമ്മുടെ ചട്ടത്തിലുള്ളതാണ്. മാത്രമല്ല, ചട്ടം 236 (6) പ്രകാരം "ഒരു വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിൻപല്ലാതെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്". എന്നാൽ പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 30-01-2019-ന് സഭയുടെ മേശപ്പുറത്തുവച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വർഷങ്ങൾക്ക് മുമ്പുള്ളതാണ്. ഉദാഹരണത്തിന്, സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് 2012-13 വർഷത്തേതാണ്. സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് 2014-15 വർഷത്തേതാണ്. സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് 2015-16 വർഷത്തേതാണ്. സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട് 2014-15, 2015-16 വർഷങ്ങളിലേതാണ്. ബാക്കിയുള്ള സബ്ജക്ട് കമ്മിറ്റികളൊക്കെ തന്നെ കൃത്യമായി റിപ്പോർട്ട് വച്ചിട്ടുണ്ട് എന്നുള്ളതും അങ്ങയുടെ റൂളിംഗ്മൂലം കാര്യമായ ഇടപെടലുണ്ടായി, കുറേ ഗുണഫലമുണ്ടായിട്ടുണ്ട് എന്നുള്ളതും ഞാൻ ഇവിടെ പറയുകയാണ്. അങ്ങ് കഴിഞ്ഞ പ്രാവശ്യം റൂൾ ചെയ്തതിലെ ഒരു വരി ഞാൻ

വായിക്കാം. "ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ആവിഷ്ക്കരിക്കണമെന്നും ഇതുസംബന്ധിച്ച് വ്യക്തമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു." എന്നാൽ പ്രസ്തുത റിപ്പോർട്ട് ഇതുവരെ സഭയിൽ വച്ചിട്ടില്ല. മാത്രമല്ല ഇതിനും മറുപടി പറയുന്നത് ബന്ധപ്പെട്ട മന്ത്രിമാർക്കുവേണ്ടി ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയാണ്. ആ റിപ്പോർട്ട് ഒരു മാസത്തിനകം വയ്ക്കണമെന്ന അങ്ങയുടെ റൂളിംഗും അതോടൊപ്പം തന്നെ ഇത് ആവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റുകൾക്കെതിരായി വീണ്ടും ശക്തമായ ഇടപെടലും നടത്തണമെന്നുള്ളതാണ് എന്റെ ആവശ്യം.

<u>രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഇതേ ആവശ്യം ഉന്നയിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. ഉമ്മർ 22-03-2018-ന് ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിന്റെ ഭാഗമായി ശക്തമായ ചില നിലപാടുകൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ

നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)-ലും 236(6)-ലും പറയുന്ന കാര്യങ്ങൾ comply ചെയ്യുന്നതിൽ കുറേ പുരോഗതി ഉണ്ടായിട്ടുണ്ട്. അന്ന് ഈ ക്രമപ്രശ്നം ഉന്നയിക്കുന്ന സമയത്ത് 2010-ലേതടക്കം പെൻഡിംഗിലായിരുന്നു. ഇപ്പോൾ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനുള്ള പെൻഡിംഗായിട്ടുള്ള എല്ലാ റിപ്പോർട്ടുകളും അടിയന്തരമായി നിയമസഭയിൽ ലഭ്യമാക്കണമെന്ന പാർലമെന്ററികാര്യ വകുപ്പുസെക്രട്ടറിയുടെ കത്ത് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ഇതിനകം കൊടുത്തിട്ടുണ്ട്. ഇത് കാലാകാലമായി വരുന്ന ഒരു പ്രതിഭാസമാണെങ്കിലും ഇത് പരിഹരിക്കുന്നതിനുള്ള ശക്തമായിട്ടുള്ള ഇടപെടൽ ഇപ്പോൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. വീഴ്ചകൾ വരാതിരിക്കുന്നതിനുള്ള ശക്തമായ നിലപാടുകളും സ്വീകരിക്കുന്നതായിരിക്കും.